**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാലാ ബൈപാസ്സ് റോഡ്- സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നിയോജകമണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ- പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗഷനിൽ ശ്രീ. സാജൻ ഗീതാഞ്ജലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | പാലാ നിയോജക മണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ.സാജൻ, ഗീതാഞ്ജലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.സാജൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത് നിലനിന്നിരുന്ന റിട്ട് പെറ്റീഷന്റെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം ശ്രീ.സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി 29.01.2026 തീയതി നേരിൽ കേൾക്കുകയുണ്ടായി. ശ്രീ.സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സമർപ്പിച്ച വാദമുഖങ്ങൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലം ലഭ്യമാക്കാത്തതു മൂലം നിർമ്മാണം പൂർത്തീകരിക്കുവാൻ വർഷങ്ങളുടെ കാലതാമസം നേരിടുന്ന പാലാ ബൈപാസ്സ് റോഡ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (ബി) | പാലാ നിയോജക മണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ.സാജൻ, ഗീതാഞ്ജലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.സാജൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത് നിലനിന്നിരുന്ന റിട്ട് പെറ്റീഷന്റെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം ശ്രീ.സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി 29.01.2026 തീയതി നേരിൽ കേൾക്കുകയുണ്ടായി. ശ്രീ.സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സമർപ്പിച്ച വാദമുഖങ്ങൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ